**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 681** **09-06-2021 - ൽ മറുപടിയ്ക്ക്**

**മീറ്റർ റീഡിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള വാട്ടർ കണക്ഷനുകൾ എത്രയാണ്; | (എ) | 31.05.2021 വരെ കേരള വാട്ടർ അതോറിറ്റി 30.16 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട് . |
| (ബി) | നിലവിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ എത്ര ജീവനക്കാരുണ്ട്; അവരിൽ സ്ഥിരം, താല്കാലിക ജീവനക്കാർ എത്രവീതമാണ്; | (ബി) | 346 സ്ഥിരം മീറ്റർ റീഡർ തസ്തികയിൽ 320 പേർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ 400 deployed മീറ്റർ റീഡർമാരും നിലവിലുണ്ട് . താല്കാലികാടിസ്ഥാനത്തിൽ കുടുംബശ്രീ വഴി 846 പേരും HR അടിസ്ഥാനത്തിൽ 310 പേരും സേവനമനുഷ്ഠിക്കുന്നു. |
| (സി) | ജലഅതോറിറ്റിയിൽ മീറ്റർ റീഡർമാർ പ്രതിദിനം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പ്രതിദിനം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം 2005 ൽ 9 ലക്ഷം കണക്ഷനുകൾ ഉള്ളപ്പോളാണ് അവസാനമായി പരിഷ്കരിച്ചത് . കണക്ഷനുകളുടെ എണ്ണം 30 ലക്ഷത്തിലേക്ക് വർധിച്ചത് കൊണ്ടും 16 വർഷമായി പ്രതിദിന റീഡിങ്ങുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താത്തതു കൊണ്ടും 31.12.2020 ൽ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും അംഗീകൃത യൂണിയനുകളുടെ എതിർപ്പ് മൂലം നടപ്പിലാക്കാതെ താൽകാലികമായി മാറ്റി വച്ചരിക്കുകയാണ് . |
| (ഡി) | കോവിഡ് വ്യാപന പശ്ചാത്തലത്തിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ വിശദമാക്കുമോ ; | (ഡി) | ഉണ്ട് , 07-05-2021 മുതൽ 23.05.2021 വരെ കോവിഡ് വ്യാപനം രൂക്ഷമായതിനാൽ മീറ്റർ റീഡിങ് നിർത്തി വച്ചിരുന്നു 24.05.2021 മുതൽ മീറ്റർ റീഡിങ് എടുക്കുന്നത് കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് വേണം എന്നും വീടുകളിൽ പോയി മീറ്റർ റീഡിങ്എടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഫോൺ/വാട്സാപ്പ് മെസ്സേജ് വഴി റീഡിങ് ശേഖരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (ഇ) | വൈദ്യുതി ബോർഡിൽ ഏർപ്പെടുത്തിയ മാതൃകയിൽ വാട്ടർചാർജ്ജ് ഈടാക്കുന്നതിനുള്ള സംവിധാനം വാട്ടർ അതോറിറ്റിയും ഒരുക്കുമോ? | (ഇ) | നിലവിൽ ജല അതോറിറ്റിയിൽ വാട്ടർ ചാർജ് അടക്കുവാൻ KSEBയിലെ പോലെ ഓൺലൈൻ സംവിധാനം നിലവിലുണ്ട് . |

സെക്ഷൻ ഓഫീസർ